#IIMKinMedia

Date: September 19, 2026

Newspaper: Malayala Manorama, pg. 06

# ഐഐഎമ്മിലേക്ക് പുതിയ 7 ചുമർചിത്രങ്ങൾ

കോഴിക്കോട് ● ഐഐഎമ്മിനു വേണ്ടി കേരളത്തിന്റെ പാരമ്പര്യവും കലയും സംസ്കാരവും വിദ്യാഭ്യാസ പൈതൃകവും പ്രമേയമാക്കിയ ഏഴു ചുമർചിത്രങ്ങൾ പൂർത്തിയായി. ആർട്ടിസ്റ്റ് ജിജുലാൽ ബോധിയാണ് ചിത്രങ്ങൾ വരച്ചത്. സജി നെയ്യാറ്റിൻകര, സജീഷ് തിരൂർ എന്നിവർ സഹായികളായി പ്രവർത്തിച്ചു.

ഓണം പ്രമേയമാക്കിയ പ്രധാനചിത്രത്തിൽ ഓണപ്പൊട്ടൻ, പൂക്കളമിടൽ, പൂപറിക്കൽ, ഓണത്തുമ്പി, തുമ്പപ്പൂവ് തുടങ്ങിയ ഓണക്കാലത്തിന്റെ ഗ്രാമീണവും സാംസ്കാരികവുമായ കാഴ്ചകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

5 അടി നീളവും 3 അടി വീതിയുമുള്ളതാണ് ഈ ചിത്രം. ഐഐഎം കോഴിക്കോട് പ്രമേയമാക്കിയ മറ്റൊരു ചിത്രത്തിൽ ബുദ്ധൻ, അർജുനൻ, സ്വാമി വിവേകാനന്ദൻ എന്നിവരെ അറിവിന്റെയും ചിന്തയുടെയും ആത്മാന്വേഷണത്തിന്റെയും വിവിധ തലങ്ങളെ പ്രതിനിധാനം ചെയ്യുന്ന തരത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളകലകൾ എന്ന ചിത്രത്തിൽ കഥകളി, തെയ്യം, മോഹിനിയാട്ടം, വള്ളംകളി തുടങ്ങിയവയാണുള്ളത്. ഗുരുകുല വിദ്യാഭ്യാസം പ്രമേയമായ ചിത്രവുമുണ്ട്. രണ്ടു മാസത്തോളമെടുത്താണ് ചിത്രങ്ങൾ പൂർത്തിയാക്കിയത്.



ഐഐഎമ്മിനു വേണ്ടി ആർട്ടിസ്റ്റ് ജിജുലാൽ ബോധി ചുമർചിത്രം വരയ്ക്കുന്നു